ശ്രീ. തോമസ് ജോസഫ്: ഏതെങ്കിലും ജില്ലകളിൽ ഒരു മുനിസിപ്പാലിറ്റി മാത്രമുള്ള ജില്ലയുണ്ടോ; ഉണ്ടെങ്കിൽ അവിടെ കൂടുതൽ മുനിസിപ്പാലിറ്റികളും അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുനിസിപ്പാലിറ്റികളും എങ്ങനെയാണ് അനുവദിക്കുന്നതെന്ന തത്ത്വം ഞാൻ ആദ്യമേ പറഞ്ഞു. ആ നിബന്ധനകൾക്കു വിധേയമായി മാത്രമേ മുനിസിപ്പാലിറ്റികളും അനുവദിക്കാൻ കഴിയുകയുള്ളു. ഒരു ജില്ലയിൽ ഇത്ര മുനിസിപ്പാലിറ്റി എന്നു തീരുമാനമെടുത്തിട്ടില്ല.

ശ്രീ. ടി. കെ. അബ്ദു: പഞ്ചായത്ത് മുനിസിപ്പാലിറ്റിയായി അംഗീകരിച്ചതിനുശേഷം ഏലൂർ മുനിസിപ്പാലിറ്റി ഇപ്പോഴും പഞ്ചായത്തായിത്തന്നെ നിലനിറുത്തണമെന്നു പറഞ്ഞ് അടുത്തദിവസം മന്ത്രിക്ക് ഒരു നിവേദനം കിട്ടിയിട്ടില്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏലൂർ മുനിസിപ്പാലിറ്റിയെക്കുറിച്ച് അങ്ങനെയൊരു നിവേദനം കിട്ടിയതായി ഫയലിൽ കാണുന്നില്ല. ഓർമ്മയിൽ കിട്ടിയതായി തോന്നുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മുനിസിപ്പാലിറ്റിയായി രൂപീകരിക്കപ്പെട്ടത് തുടരുകയാണെങ്കിലും മേലിലെങ്കിലും അതാതു പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളായി രൂപീകരിക്കേണ്ടതില്ലെന്നു നിവേദനം കിട്ടിയാൽ, ഏതു പരിഗണനയുണ്ടെങ്കിലും ശരി നോംസുണ്ടെങ്കിലും അങ്ങനെ മുനിസിപ്പാലിറ്റിയായി രൂപീകരിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നോംസ് ഉണ്ടെങ്കിൽ രൂപീകരിക്കാതിരിക്കാൻ ഒക്കുകയില്ല.

മൽസ്യബന്ധന ഉപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം

*231 [249] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വലകളും, വഞ്ചികളും തുടങ്ങിയ മൽസ്യബന്ധന ഉപകരണങ്ങളും കടലിൽ നഷ്ടപ്പെട്ടുപോയാൽ അവയ്ക്കുപകരം ഉപകരണങ്ങളും വാങ്ങുന്നതിന് ആവശ്യമായ ധനസഹായം ഗ്രാൻറായോ ലോണായോ നൽകാൻ സംവിധാനങ്ങളും വല്ലതുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്;

(സി) 1978-79 കാലത്ത് ഇതുവരെ ഇപ്രകാരം ഏതേതിനത്തിൽ എന്തു സഹായം നൽകിയിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) മൽസ്യബന്ധന ഉപകരണങ്ങളും കടലിൽ നഷ്ടപ്പെട്ടാൽ, ഗ്രാൻറായോ ലോണായോ ധനസഹായം നൽകുന്നതിനുള്ള സംവിധാനം ഇപ്പോഴും ഇല്ല. വഞ്ചി, കട്ടമരം എന്നിവ മൽസ്യബന്ധനവേളയിൽ നഷ്ടപ്പെട്ടുപോയാൽ പരമാവധി 500 രൂപവരെ മൽസ്യത്തൊഴിലാളി ദുരിതാശ്വാസ നിധിയിൽ നിന്നും സഹായധനം നൽകുന്നുണ്ട്. വലകളും നഷ്ടപ്പെട്ടാൽ ധനസഹായം നൽകുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വഞ്ചി, കട്ടമരം എന്നിവ നഷ്ടപ്പെട്ടതിന് 1978.79-ൽ ഇതുവരെ 56,800 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

ശ്രീ. കെ. അനിരുദ്ധൻ: പത്രങ്ങളിൽ നാം ധാരാളമായി വഞ്ചിയും വലയും നഷ്ടപ്പെട്ടതായി കാണുന്നുണ്ട്. ഇങ്ങനെ ആർക്കെല്ലാം വഞ്ചിയും വലയും നഷ്ടപ്പെടുന്നു എന്നു പരിശോധിച്ചാൽ സഹായകരമായ ഒരു സ്റ്റാറ്റിസ്റ്റിക്സ് ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഫിഷറീസ് വെൽഫെയർ കോർപ്പറേഷനാണ് മൽസ്യബന്ധനത്തിൽ വഞ്ചിയും വലയും നഷ്ടപ്പെടുന്നവർക്ക് 500 രൂപ കൊടുക്കുന്നത്. ഇക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

ശ്രീ. കെ. അനിരുദ്ധൻ: കഴിഞ്ഞമാസം തിരുവനന്തപുരം കോസ്റ്റൽ ഏരിയായിൽ 1500-ൽ ചിലപ്പോൾ ആളുകൾ വഞ്ചിയും വലയുമായി കടലിൽ പോയിയെന്നും അവരുടെ വഞ്ചിയും വലയും നഷ്ടപ്പെട്ടു എന്നും അവർ ബഹുമാനപ്പെട്ട മന്ത്രിയെക്കണ്ട് നിവേദനം നടത്തിയെന്നും വാർത്തകണ്ടു. ഇതുസംബന്ധിച്ച് എത്രകണ്ട് വഞ്ചിയും വലയും ഇതുമായി ബന്ധപ്പെട്ട സാധനങ്ങളും നഷ്ടപ്പെട്ടുപോയിയെന്നും എത്രായിരം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും കണക്കു ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: വഞ്ചിയും വലയും നഷ്ടപ്പെടുന്നവർക്ക് ഏതെങ്കിലും രീതിയിലുള്ള ഒരു ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് പരിഗണിക്കുമോ; അവർക്ക് കോൺട്രിബ്യൂട്ടു ചെയ്യാൻ കഴിയുകയില്ലെങ്കിൽ ഗവൺമെന്റ് കോൺട്രിബ്യൂട്ടു ചെയ്ത് ഇങ്ങനെയൊരു സ്കീം നടപ്പിലാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കോർപ്പറേഷന്റെ ശ്രദ്ധയിൽപെടുത്താവുന്നതാണ്.

ശ്രീ. എസ്. ത്യാഗരാജൻ: കഴിഞ്ഞ നവമ്പർമാസത്തിലുണ്ടായ വെള്ളപ്പൊക്കവും പേമാരിയുംമൂലം ധാരാളം നാശനഷ്ടങ്ങളുണ്ടായി വീടു നശിച്ചവരുണ്ട്. അതുപോലെ ഈ കെടുതികളിൽപ്പെട്ട് വള്ളവും വലയും നഷ്ടപ്പെട്ട ധാരാളം ആളുകൾ ഉണ്ട്. ഇങ്ങനെയുള്ള ആളുകൾക്ക് ഒരു 'സ്പെഷ്യൽ കേസെന്ന നിലയിൽ എന്തെങ്കിലും ധനസഹായം ചെയ്തു കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കൃഷിക്കാർക്കും മറ്റാളുകൾക്കും നഷ്ടപരിഹാരം നൽകുന്നതുപോലെ ഈ മൽസ്യത്തൊഴിലാളികൾക്കുകൂടി എന്തെങ്കിലും നഷ്ടപരിഹാരം നൽകാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ അങ്ങനെ പരിപാടി ഒന്നുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇവർക്കു കൊടുക്കുന്ന 500 ഉറുപ്പിക വളരെ അപര്യാപ്തമാണെന്നും 500 രൂപ കിട്ടണമെങ്കിൽതന്നെ ഇതൊക്കെ നഷ്ടപ്പെട്ട ആളുകളുടെ വരുമാനം ഇത്ര ഉണ്ടായിരിക്കണമെന്നുമുള്ള ചില നിബന്ധനകൾ ഉണ്ട്. ഈ നിബന്ധനകൾ മാറണമെന്നുള്ള ആവശ്യം ഇവിടെത്തന്നെ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. അതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: 500 രൂപ അപര്യാപ്തമാണെന്ന അഭിപ്രായം ഗവൺമെന്റിനുമുണ്ട്. ഇപ്പോഴത്തെ 500 രൂപയിൽ കൂടുതൽ കൊടുക്കാൻ ഫിഷറീസ് വെൽഫെയർ കോർപ്പറേഷന് സാധ്യമല്ല. വരുമാന പരിധി എടുത്തുകളയണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. പാണ്ടാരത്ത് കുഞ്ഞിമുഹമ്മദ്: കഴിഞ്ഞവർഷം പഴയങ്ങാടി കടപ്പുറത്തുവച്ചുണ്ടായ സംഘട്ടനത്തിൽ വഞ്ചിയും വലയും നഷ്ടപ്പെട്ട ഒരുപാടു മൽസ്യത്തൊഴിലാളികളുടെ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണെന്നു പറയുകയല്ലാതെ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ഇത്തരം തൊഴിലാളികൾക്ക് സഹായം നൽകുന്ന കാര്യത്തെസംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംഘട്ടനത്തിന്റെ കാര്യം വേറെ പ്രശ്നമാണ്. ഇപ്പോഴത്തെപ്പറ്റി പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. കെ. കേശവൻ: വഞ്ചിയും വലയും നഷ്ടപ്പെടുന്ന മൽസ്യത്തൊഴിലാളി സ്ത്രീകളുണ്ടെങ്കിൽ അവർക്ക് ഈ ധനസഹായത്തിന് അർഹതയില്ലെന്നറിയുന്നതു ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെയുണ്ടെന്നു തോന്നുന്നില്ല. സാധാരണ മൽസ്യബന്ധനത്തിനു സ്ത്രീകളും പോകാറില്ല.
(ചോദ്യം 250 ചോദിച്ചില്ല.)

എഗ്ഗ് പൗഡർ ഫാക്ടറി

*232 [251] ശ്രീ. എ. എ. റഹീം:
,, കെ.എസ്. നാരായണൻ നമ്പൂതിരി:
,, എൻ. പെ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു എഗ്ഗ് പൗഡർ ഫാക്ടറി സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ എത്രത്തോളമായി?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്?

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. എ. റഹീം: തിരുവല്ല കേന്ദ്രമാക്കി ഒരു എഗ്ഗ് പൗഡർ ഫാക്ടറി സ്ഥാപിക്കുമെന്ന് മുമ്പൊരവസരത്തിൽ ഒരു മന്ത്രി പ്രസ്താവിച്ചതായി കേട്ടിട്ടുണ്ട്. ഇതിനു മുമ്പുണ്ടായിരുന്ന മന്ത്രി അത് വേണ്ടെന്നുവച്ചതാണോ, അതല്ല ഇങ്ങനെയൊരു ഫാക്ടറി ആവശ്യമില്ലെന്നു തോന്നിയിട്ടാണോ?

ശ്രീ. എ. എൽ. ജേക്കബ്: ചെറിയ വിശദീകരണം ഞാൻ നൽകാം. 43 ലക്ഷം രൂപയുടെ പദ്ധതിയായിരുന്നു അന്നു കല്പിച്ച ആ പദ്ധതി. 1968-ലാണ് ഈ ഫാക്ടറി തുടങ്ങാൻ ഉദ്ദേശിച്ചിരുന്നത്. 2424 ടൺ മുട്ടപ്പൊടി ഇൻഡ്യയിൽ ഉപയോഗിക്കാവുന്നതിനെപ്പറ്റി കണക്കാക്കിയിരുന്നു. അന്ന് മുട്ടയുടെ വില 22 പൈസയായിരുന്നു. ഒരു കിലോഗ്രാം പൊടിക്ക് 24 രൂപ വില വരുമായിരുന്നു. അതിന്റെ നിർമ്മാണത്തിന് എഴുപത്തിയേഴു മുട്ട വേണ്ടിവരുമായിരുന്നു. ആ കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly